Clause 1, Preamble and Title, were added to the Bill.

Minister for Finance **(Sri S. Varadarajan Nair):** Sir, I move that the Bill may be finally passed.

Minister for Education **(Sri C. H. Mohammed Koya):** Sir, I second it.

The question that the Payment of Salaries and Allowances (Amendment) Bill, 1978 be finally passed was put and carried.

The Bill was finally passed.

(ii) 1979-ലെ കേരളാ പോലീസ് (ഭേദഗതി) ബിൽ—(തുടർച്ച)

ശ്രീ. ഒ. ലൂക്കോസ്: സർ, ഈ നിയമസഭയിൽ 1979-ലെ കേരളാ പോലീസ് (ഭേദഗതി) ബില്ലും 1979-ലെ കേരളാ പോലീസ് (രണ്ടാംഭേദഗതി) ബില്ലും ഇങ്ങനെ രണ്ടു ബില്ലുകളും പരിഗണനയ്ക്ക് ഉണ്ട്. അതിൽ ഒന്ന് പരിഗണനയിലിരിക്കുന്നു, ഒന്ന് പരിഗണനക്കുവേണ്ടി സമർപ്പിക്കുവാൻ പോകുന്നു. നമ്മുടെ രാജ്യത്തെ ക്രമസമാധാനപാലനത്തേയും സാമൂഹ്യ ഭദ്രതയേയും സംബന്ധിച്ച് പറയുമ്പോൾ ഈ രണ്ട് ചെറിയ ബില്ലുകളും രണ്ട് വെള്ളിനക്ഷത്രങ്ങളാണെന്നു വിശേഷിപ്പിക്കുവാൻ തോന്നിപ്പോവുകയാണ്. ഇതിൽ ഒന്നാമത്തെ ബിൽ ആയുധപരിശീലനം നടത്തുന്നവരേയും ആയുധമേന്തി പ്രകടനങ്ങൾ നടത്തുന്നവരേയും തടയുവാൻ ഡിസ്ട്രിക്റ്റ് മജിസ്ട്രേട്ടിന് അധികാരം നൽകുന്ന ബില്ലാണ്. സമർപ്പിക്കുവാനിരിക്കുന്ന രണ്ടാമത്തെ ബിൽ ആകട്ടെ, മോഷണവസ്തുക്കൾ, അവിഹിതമായി സമ്പാദിച്ച സാധനങ്ങൾ കൈവശം വച്ചുകൊണ്ടിരിക്കുന്ന ആളുകളുടെമേൽ നടപടി സ്വീകരിക്കാൻ ഉള്ളതുമാണ്. സത്യത്തിൽ നിയമപരിജ്ഞാനത്തിന്റെ കുറവ് ഓർത്ത് ഞാൻ ദുഃഖിച്ചുപോയി. നമ്മുടെ രാജ്യത്ത് ആയുധപരിശീലനം നടത്തുന്നവരേയും ആയുധമേന്തി ഗോഗ്വാവിളികളുമായി നടക്കുന്നവരേയും നിയന്ത്രിക്കുവാൻ നിയമമില്ലായിരുന്നുവെന്നുള്ള വസ്തുത സത്യത്തിൽ ഞാൻ ഇപ്പോഴാണ് മനസ്സിലാക്കുന്നത്. അതുപോലെതന്നെ മോഷ്ടിക്കപ്പെട്ട, മറ്റുള്ളവരുടെ പക്കൽനിന്നും അവിഹിതമായി എടുത്ത സാധനങ്ങൾ വീട്ടിൽവച്ച് സൂക്ഷിച്ചാൽ അത് പിടിച്ചെടുക്കുവാനുള്ള നിയമവും ഇല്ലായിരുന്നുവെന്നുള്ള വസ്തുതയും ഞാൻ ഇപ്പോൾ മാത്രമാണ് മനസ്സിലാക്കുന്നത്. ഇങ്ങനെയൊക്കെയായിരുന്നിട്ടും ഇത്രയും കുറച്ചേ ആയുധപരിശീലനം നടന്നിരുന്നുള്ളൂ, ഇത്രയും കുറച്ചേ മോഷണവസ്തുക്കൾ വീടുകളിൽ സൂക്ഷിച്ചിരുന്നുള്ളുവെന്നുള്ള കാര്യം ഓർക്കുമ്പോൾ നമ്മുടെ സംസ്ഥാനം ഒരു സ്വർഗ്ഗം ആയിരിക്കുന്നു എന്നു പറയാതെ തരമില്ല. വെള്ളിനക്ഷത്രങ്ങൾ എന്ന് ഞാൻ നേരത്തെ വിശേഷിപ്പിച്ച ഈ രണ്ടു ബില്ലുകളും 1979 ആഗസ്റ്റ് മാസം 30-ാം തീയതിക്കുമുൻപ് പാസ്സാക്കിയിരുന്നുവെങ്കിൽ നന്നായിരുന്നേനേയെന്ന് ഞാൻ ആശിച്ചുപോകുകയാണ്.

ഈ കാര്യത്തിൽ വളരെയേറെ തെറ്റിദ്ധാരണ ഗവൺമെന്റിനെ സംബന്ധിച്ചും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ സംബന്ധിച്ചും ഉണ്ടായിരുന്നു. എന്നാൽ ഇപ്പോൾ എന്റെ സകല തെറ്റിദ്ധാരണകളും മാറിയിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

1979 ആഗസ്റ്റ് 8-ാം തീയതി കോട്ടയം ടൗൺ പോലീസ് സ്റ്റേഷന്റെ മുമ്പിൽക്കൂടി ലാത്തിയും ദണ്ഡും കുറുവടിയും കഠാരയും വടിവാളും സൈക്കിൾ ചെയിനുമായി കള്ളും കുടിച്ച് ഗോഗ്വാ വിളിച്ച് നടന്ന ആളുകൾ.....

[10 a.m.]

ശ്രീ. ടി. എം. ജേക്കബ്: സർ, ഒരു പോയിന്റ് ഓഫ് ആർഡർ. ഈ ബില്ലുമായി ബന്ധപ്പെടാത്ത ഒരു വസ്തുതയെക്കുറിച്ച് ഈ സഭയിൽ പറയുന്നത് ആർഡറിൽ ആണോ?

ശ്രീ. ഓ. ലൂക്കോസ്: ഈ ബില്ല് ഈ രാജ്യത്തിന് എന്തുമാത്രം പ്രയോജനം ചെയ്യാൻ പോകുന്നുവെന്നുള്ളതിനെക്കുറിച്ചാണ് ഞാൻ പരാമർശിച്ചുകൊണ്ടിരിക്കുന്നത്. കോട്ടയം പോലീസ് സ്റ്റേഷന്റെ മുമ്പിൽക്കൂടി വടിവാളും കഠാരയും കുറുവടിയും ഏന്തി കള്ളുകുടിച്ച് ലക്കും ലഗാനുമില്ലാതെ ജനാധിപത്യത്തിന്റെ വക്താക്കളെന്ന് വിശേഷിപ്പിച്ചുകൊണ്ട് പ്രകടനം നടത്തുന്ന ആളുകൾ കേരളാ കോൺഗ്രസ്സിന്റെ ആഫീസിൽ കയറി അവിടെയുണ്ടായിരുന്ന സ്റ്റാഫിനെ മുഴുവനും തല്ലുകയും അവിടത്തെ കസേരകളും ഗ്ലാസ്സും തല്ലിത്തകർക്കുകയും.....

ഡെപ്യൂട്ടി സ്പീക്കർ: നിയമനിർമ്മാണകാര്യത്തിനുള്ള സമയം കഴിഞ്ഞു.

VIII. അനൗദ്യോഗികാംഗങ്ങളുടെ കാര്യം

(1) അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ റിപ്പോർട്ട്

ശ്രീ. എൻ. പി. മൊയ്തീൻ: സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപതാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

Minister for Revenue and Co-operation **(Sri Baby John):**—Sir, I second it.

The Twentieth Report of the Committee on Private Members' Bills and Resolutions was adopted.

(2) പ്രമേയങ്ങൾ

(i) മാങ്കുളം പ്രദേശത്ത് ഭൂമി കയ്യേറ്റക്കാരെ ഒഴിപ്പിക്കൽ

ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ: സർ, ഞാൻ എന്റെ പ്രമേയം അവതരിപ്പിക്കുന്നു. "മാംകുളം പ്രദേശത്തു ഭൂമി കയ്യേറി ഏലത്തോട്ടവും മറ്റും വച്ചുപിടിപ്പിച്ചിട്ടുള്ള വൻകിടക്കാരെ ഒഴിപ്പിക്കാനും അവിടെ വളരെക്കാലമായി താമസിച്ച് കൃഷിചെയ്തിരുന്ന ഒഴിപ്പിക്കപ്പെട്ട കൃഷിക്കാരെ പുനരധിവസിപ്പിച്ച് പട്ടയം കൊടുക്കാനും വേണ്ട നടപടികളെടുക്കണമെന്ന് ഈ സർക്കാർ ഗവൺമെന്റിനോടാവശ്യപ്പെടുന്നു".

LIBRARY ARCHIVES Kerala Legislative Assembly